➾ *ഇനി പ്ലാച്ചിമട ജനതക്ക് ഈ സമരത്തിനായി സമർപ്പിക്കാനുള്ളത് അവരുടെ ജീവൻ മാത്രമാണ്* ➾




ക്ക് ഈ സമരത്തിനായി സമർപ്പിക്കാനുള്ളത് അവരുടെ ജീവൻ മാത്രമാണ്. ഓരോരുത്തരായി മരണം വരെയുള്ള നിരാഹാരസമരം നടത്തിക്കൊണ്ട് ഭരണകൂടത്തിന്റെ കണ്ണുതുറപ്പിക്കാൻ തയ്യാറെടുക്കുകയാണ്.

ഈ അന്തിമ സമരം പ്ലാച്ചിമടയിലെ ജനങ്ങൾക്ക് ഏതാനും നാണയത്തുട്ടുകൾ നഷ്ടപരിഹാരമായി കിട്ടുക എന്ന മോഹം മുൻനിർത്തിയല്ല, മറിച്ച് എല്ലാവരുടെയും ജനാധിപത്യാവകാശങ്ങൾക്ക് വേണ്ടിയുള്ളതാണെന്ന് പൊതുസമൂഹം മനസ്സിലാക്കണം. ഈ സമരം വിജയിക്കുമ്പോൾ അതിന്റെ നേട്ടങ്ങൾ പ്ലാച്ചിമടയിലൊതുങ്ങുന്നതാവില്ല. ഒന്നുകിൽ പ്ലാച്ചിമട നഷ്ടപരിഹാര ട്രീബ്യൂണൽ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കണം; അല്ലെങ്കിൽ, ഈ രാജ്യത്തെ ഭരണവ്യവസ്ഥ കുത്തകമൂലധനത്തിന്റെ കൈകളിലാണെന്നും അതിനെ നേരിടാൻ തങ്ങൾക്ക് കഴിവില്ലെന്നും തുറന്നു സമ്മതിച്ചുകൊണ്ട് കേരളനിയമസഭ പ്രമേയം പാസ്സാക്കി ഞങ്ങളോട് സമരമവസാനിപ്പിക്കാൻ ആവശ്യപ്പെടണം. അതല്ലാതെ ഞങ്ങൾ പിന്നോട്ടില്ല. പ്ലാച്ചിമട ജനത ഇനി മറ്റെന്താണ് ചെയ്യേണ്ടത്? ■

## വി.എം. സുധീരന് കത്തയച്ചു

**ബഹുരാഷ്ട്ര** കുത്തകയായ കൊക്കക്കോള കമ്പനി പ്ലാച്ചിമടയിൽ സൃഷ്ടിച്ച നാശനഷ്ടങ്ങൾക്ക് കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ 2011 ഫെബ്രുവരി 24ന് കേരള നിയമസ ഐകകണ്ഠമായി പാസ്സാക്കിയ വിവരം താങ്കൾക്ക് അറിവുള്ളതാണല്ലോ. രാഷ്ട്രപതിയുടെ അംഗീകാരത്തോടെ യാഥാർത്ഥ്യമാക്കുന്നതിനായി 2011 മാർച്ച് 29ന് കേന്ദ്രത്തിലേക്ക് അയച്ച ബില്ല് രണ്ട് വർഷം പിന്നിടുമ്പോഴും രാഷ്ട്രപതിയുടെ സമക്ഷം ഒപ്പുവയ്ക്കുന്നതിനായി എത്തിയിട്ടില്ല. കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങൾ ബില്ലിന് അംഗീകാരം നൽകുന്നതിനനുകൂലമായി ശുപാർശ ചെയ്തിട്ടും ബില്ല് ഇപ്പോഴും ആഭ്യന്തര മന്ത്രാലയത്തിൽ കുടുങ്ങിക്കിടക്കുകയാണ്. കോളക്കമ്പനിയുടെ സ്വാധീനമാണ് ബില്ല് യാഥാർത്ഥ്യമാകുന്നതിന് തടസ്സമായി നിൽക്കുന്നതെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ബിൽ പാസ്സാക്കുന്നതിൽ സഹകരിച്ച താങ്കളുടെ രാഷ്ട്രീയ പ്രസ്ഥാനമടക്കം ഇക്കാര്യത്തിൽ താത്പര്യമെടുക്കാത്ത സ്ഥിതിയാണുള്ളത്. ബിൽ യാഥാർത്ഥ്യമാകാത്തതിൽ പ്രതിഷേധിച്ച് പ്ലാച്ചിമട സമര-ഐക്യദാർഢ്യ പ്രവർത്തകർ 2011 ഡിസംബർ 17ന് പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിയുടെ ഭൂമിയിൽ പ്രവേശിച്ച് അറസ്റ്റ് വരിക്കുകയും ജാമ്യം നിഷേധിച്ച് ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. തുടർന്ന് വിയ്യൂർ സെൻട്രൽ ജയിലിൽ ഞങ്ങൾ നടത്തിയ അനിശ്ചിതകാല നിരാഹാര സമരം താങ്കൾ മധ്യസ്ഥനായി ഇടപെട്ടതിനെ തുടർന്ന്, ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം നേടിയെടുക്കാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ചുകൊണ്ട് ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. പി.ജെ. ജോസഫ് ജയിലിലേക്ക് ഫാക്സ് സന്ദേശം അയച്ചതിനെ തുടർന്നാണ് അവസാനിച്ചത്. എന്നാൽ രണ്ട് വർഷത്തിലേറെക്കഴിഞ്ഞിട്ടും ഈ ഉറപ്പ് പാലിക്കാൻ സർക്കാറിന് കഴിയാത്ത സാഹചര്യത്തിൽ 2014 ഫെബ്രുവരി 3-ാം തീയതി മുതൽ പ്ലാച്ചിമടയിൽ വീണ്ടും അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചിരിക്കുകയാണ്. പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കിക്കൊണ്ട് കൊക്കക്കോളയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ നിർണ്ണായക അദ്ധ്യായമായിത്തീർന്ന പ്ലാച്ചിമട സമരത്തിന്റെ വിജയകരമായ പൂർത്തീകരണത്തിനും കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന അദ്ധ്യക്ഷൻ എന്ന നിലയിൽ താങ്കളുടെയും താങ്കളുടെ പ്രസ്ഥാനത്തിന്റെയും അടിയന്തര ഇടപെടൽ പ്രതീക്ഷിക്കുന്നു.